LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ 2 പശു ഡയറി യൂണിറ്റുകൾ 4388 എണ്ണവും 5 പശു ഡയറി യൂണിറ്റുകൾ 1321 എണ്ണവും 10 പശു ഡയറി യൂണിറ്റുകൾ 489 എണ്ണവും 20 പശു ഡയറി യൂണിറ്റുകൾ 27 എണ്ണവും ഗോകുലം ഡയറി യൂണിറ്റുകൾ 7 എണ്ണവും കിടാരി യൂണിറ്റുകൾ 975 എണ്ണവും ഉൾപ്പെടെ 7207 ഡയറി യൂണിറ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കറവപ്പശുക്കളെയും കിടാരികളെയും വാങ്ങുന്നതിനും തൊഴുത്ത്, ചാണകക്കുഴി എന്നിവയുടെ നിർമ്മാണത്തിനും, പശുക്കളുടെ കടത്തുകൂലി, ഒരു മാസത്തേയ്ക്കുള്ള കാലിത്തീറ്റ, ഇൻഷ്വറൻസ് എന്നിവയ്ക്ക് ഈ പദ്ധതി പ്രകാരം സഹായധനം അനുവദിച്ചുവരുന്നു.

(സി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, സംയോജിത ക്ഷീരവികസന പദ്ധതി എന്നിവയിലുൾപ്പെടുത്തിയാണ് ഡയറി യൂണിറ്റുകൾ സ്ഥാപിച്ചുപോരുന്നത്.

(ഡി)

വർഷം	വക കൊള്ളിച്ചത്	ചെലവഴിച്ചത്
2011-12	640 ലക്ഷം	639.94 ലക്ഷം
2012-13	1300 ലക്ഷം	1299.66 ലക്ഷം
2013-14	1967 ലക്ഷം	1966.74 ലക്ഷം
2014-15	2607 ലക്ഷം	2606.77 ലക്ഷം
2015-16	3625 ലക്ഷം	പൂർത്തീകരിച്ചുവരുന്നു

വലിയതുറ സ്വീവേജ് ഫാം

68 (1442) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള വലിയതുറ സ്വീവേജ് ഫാമിന്റെ കൈവശമുണ്ടായിരുന്ന 131.8 ഏക്കർ ഭൂമിയിൽനിന്നും നിശ്ചിത ഭൂമി ഏതാനും ഏജൻസികൾക്ക് വിട്ടുകൊടുക്കുന്നതിന് തീരുമാനിച്ച മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3-2-2012-ൽ ചേർന്ന യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) 3-2-2012-ലെ തീരുമാന പ്രകാരം ഓരോ ഏജൻസിക്കും നൽകിയ ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം കൈമാറിയ ഭൂമിക്ക് പ്രസ്തുത ഏജൻസികൾ വിലയോ നഷ്ടപരിഹാരമോ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) എങ്കിൽ ഏതെല്ലാം ഏജൻസികൾ എത്ര തുകവീതം നൽകിയെന്ന് വ്യക്തമാക്കാമോ;

(ഇ) വില നിർണ്ണയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(എഫ്) യോഗ തീരുമാനത്തിന് വിരുദ്ധമായി ഭൂമി അനുവദിച്ചിട്ടുണ്ടെങ്കിൽ ആർക്കൊക്കെയാണെന്നും ആയതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 3-2-2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വലിയതുറ സ്വീവേജ് ഫാമിലെ തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി-എഫ്) ബാധകമല്ല.

ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത

69 (1443) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly